# ഇഎംസി രാജ്യാന്തര ശിൽപ്പശാല

**തിരുവനന്തപുരം**

എനർജി മാനേജ്മെന്റ് സെന്ററും നോൺ അലൈൻഡ് മൂവ്മെന്റ് സയൻസ് ആൻഡ് ടെക്നോളജി സെന്ററും ചേർന്ന് രാജ്യാന്തര ശിൽപ്പശാല സംഘടിപ്പിച്ചു. മന്ത്രി കെ കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

ഊർജകാര്യക്ഷമത, ഊർജ സംരക്ഷണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നിവ വിഷയമാക്കിയാണ് ശിൽപ്പശാല നടത്തിയത്. ഊർജകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രതിനിധികൾ അവതരിപ്പിച്ചു. ഈജിപ്ത് സസ്റ്റൈനബിൾ എനർജി സ്ട്രാറ്റജി അനുസരിച്ച് ഈജിപ്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഡോ. അഹമ്മദ് ഹംസയും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തെക്കുറിച്ച് ഡേവിഡ് ആർ നിക്കോളും സുസ്ഥിര ഊർജ ഉപയോഗത്തെ ടൈം ഓഫ് യൂസ് ഇലക്ട്രിസിറ്റി താരിഫ് എങ്ങനെ ബാധിക്കുന്നു എന്ന് മലേഷ്യൻ പ്രതിനിധി ഡോ. മുഹമ്മദ് മൊകസാനി അസിസമാനും വിശദമാക്കി. കെനിയ, യുകെ, സിംബാബ്‌വെ, മ്യാൻമർ, സാംബിയ, നേപ്പാൾ, മൗറീഷ്യസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും പേപ്പറുകൾ അവതരിപ്പിച്ചു. കെഎസ്ഇബി, അനെർട്ട്, സി ഡാക്, ഇഎംസി പ്രതിനിധികളും പാനൽ ചർച്ചകളിൽ പങ്കെടുത്തു.

സമാപനസമ്മേളനത്തിൽ പ്രൊഫ. ആർ വി ജി മേനോൻ, ഡോ. അമിതാവ് ബന്ദോപാധ്യായ, ഇഎംസി ഡയറക്ടർ ഡോ. ആർ ഹരികുമാർ, ഇഎംസി ജോയിന്റ് ഡയറക്ടർ എ എൻ ദിനേഷ്കുമാർ എന്നിവർ സംസാരിച്ചു. ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട്, ജിബിപിഎൻ ഇന്ത്യ, സെക്ഫീ തുടങ്ങിയ സ്ഥാപനങ്ങൾ നോളജ് പാർട്ണർമാരായി.